# കേരള സർക്കാർ

നം. 20865/എഫ്.എം1/2013/ത.സ്വ.ഭ.വ. 　　　തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 30.03.2013.

പ്രേഷിതൻ

പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(എല്ലാ കോർപ്പറേഷനുകൾക്കും / മുനിസിപ്പാലിറ്റികൾക്കും)

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഐ.എച്ച്.എസ്.ടി.പി / ബി.എസ്.യു.പി - അധിക ചെലവ് പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തുന്നത് - സംബന്ധിച്ച്.

സൂചന:-

1. കുടുംബശ്രീയുടെ കത്ത് നമ്പർ KS-G-1661/2013 തീയതി: 26.03.2013.
2. തിരുവനന്തപുരം നഗരസഭയുടെ കത്ത് ബി.എസ്.യു.പി/പി.ഐ.യു./2193/11 തീയതി: 27.03.2013.

കുടുംബശ്രീ നോഡൽ ഏജൻസി ആയുള്ളതും മുനിസിപ്പാലിറ്റികൾ / കോർപ്പറേഷനുകൾ നടപ്പിലാക്കുന്നതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഐ.എച്ച്.എസ്.ടി.പി / ബി.എസ്.യു.പി എന്നിവയിലൂടെ നഗര പ്രദേശങ്ങളിലെ ചേരികളുടെ പുനരുദ്ധാരണവും അടിസ്ഥാന സൗകര്യ വികസനവുമാണ് നടപ്പിലാക്കിവരുന്നത്.

കേന്ദ്ര സർക്കാർ മാർഗ്ഗരേഖ പ്രകാരം ടി പദ്ധതികൾക്ക് ഉണ്ടാകുന്ന അധിക ചെലവ് മുനിസിപ്പാലിറ്റി / കോർപ്പറേഷൻ കണ്ടെത്തണം എന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. ഐ.എച്ച്.എസ്.ടി.പി / ബി.എസ്.യു.പി പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയ സമയത്തെക്കാൾ വളരെയധിക ചിലവ് നിർമ്മാണ പ്രവർത്തികൾക്ക് ഇപ്പോൾ വേണ്ടി വരുന്നുണ്ട്. കൂടാതെ 2014 മാർച്ച് മാസത്തിനകം ടി പദ്ധതികൾ പൂർത്തീകരിക്കണമെന്നുള്ള നിർദ്ദേശം കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്. ആയതിനാൽ 2012-13 സാമ്പത്തിക വർഷം മുനിസിപ്പാലിറ്റികളുടെ / കോർപ്പറേഷനുകളുടെ പ്ലാൻ ഫണ്ടിൽ ചെലവഴിക്കാതെ നിൽക്കുന്ന തുക ഐ.എച്ച്.എസ്.ടി.പി / ബി.എസ്.യു.പി പദ്ധതികൾക്കായി

വിനിയോഗിക്കുവാനുള്ള അനുവാദം ടി പദ്ധതി നടപ്പിലാക്കുന്ന മുനിസിപ്പാലിറ്റികൾക്ക് / കോർപ്പറേഷനുകൾക്ക് നൽകുന്നതിനുള്ള സർക്കാർ ഉത്തരവ് ഉണ്ടാകണമെന്നതാണ് സൂചന ഒന്നിലെ അപേക്ഷ.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2012-13 സാമ്പത്തിക വർഷം നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും പ്ലാൻ ഫണ്ടിൽ ചെലവഴിക്കാതെ നിൽക്കുന്ന തുക ഐ.എച്ച്.എസ്.ടി.പി / ബി.എസ്.യു.പി പദ്ധതികൾക്കുള്ള വിഹിതമായി വിനിയോഗിക്കുന്നതിന് നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിശ്വസ്തതയോടെ,
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി.

അംഗീകാരത്തോടെ,
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. തദ്ദേശസ്വയംഭരണ (ഡി.സി / ഐ.എ / ഡി.എ) വകുപ്പ്.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം.
3. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)